# വരുന്നു - അമേരിക്കൻ കോഴിക്കാലുകൾ

പി. സുധീർകുമാർ

2001 ഏപ്രിൽ 1 മുതൽ ഇറക്കുമതിനിയന്ത്രണം ഇല്ലാതാവുമ്പോൾ ഇന്ത്യൻ റോഡുകളിൽ വന്നിറങ്ങാൻ നോക്കുന്ന സെക്കന്റ് ഹാന്റ് കാറുകളെക്കുറിച്ചും അതുണ്ടാക്കുവാൻ പോകുന്ന സാമ്പത്തിക പ്രത്യാഘാതത്തെക്കുറിച്ചും കഴിഞ്ഞ ലക്കത്തിൽ എഴുതിയിരുന്നു.

ഏപ്രിൽ 1.മുതൽ നിയന്ത്രണമില്ലാതെ വന്നിറങ്ങാൻ പോകുന്ന സാധനങ്ങളുടെ കൂട്ടത്തിലെ മറ്റൊരു ഇനത്തെ ഇത്തവണ പരിചയപ്പെടാം- കോഴിക്കാലുകൾ.അതെ - കോഴിക്കാലുകൾ. അമേരിക്കൻ ഉപഭോക്താക്കൾ കൊള്ളില്ലാത്തത് എന്നു കണ്ട് തിരസ്കരിക്കുന്ന കോഴിക്കാലുകളൊക്കെ വ്യാപാരികൾ ഇപ്പോഴേ കോർഡ് സ്റ്റോറേജിൽ കയറ്റി സൂക്ഷിച്ചു തുടങ്ങിയത്രെ. വെറുതെ നശിപ്പിച്ചുകളയുന്നതിലും ഭേദമാണല്ലോ ഏപ്രിൽ 1-ാം തിയ്യതിക്കുശേഷം ഇന്ത്യയിലേക്കയക്കുന്നത്.

ഏറ്റവും മെച്ചപ്പെട്ട ഇനം കോഴിയുടെ ഏറ്റവും ശുദ്ധമായും ഗുണനിലവാരത്തോടും കൂടി സൂക്ഷിച്ച കാലുകൾ എന്നോ മറ്റോ പരസ്യവും വിദേശ കമ്പനിയുടെ പേരുകണ്ടാൽ ഏതു ഇന്ത്യക്കാരനാണ് ഈ അമേരിക്കൻ ഉച്ഛിഷ്ടം വാങ്ങാതിരിക്കുക?

അമേരിക്കയിൽ നശിപ്പിച്ചുകളയേണ്ട ഈ സാധനം കയറ്റുമതിച്ചെലവും മറ്റുചെലവുകളടക്കം ചേർത്താകും കിലോക്ക് 17-18 രൂപ വെച്ച് വിറ്റാൽ പോലും ലാഭമായിരിക്കുമത്രേ.

ഏകദേശം 16 ലക്ഷം ജനങ്ങൾ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്ന ഇന്ത്യയിലെ കോഴിവളർത്തൽ വ്യവസായത്തെ ഈ ഇറക്കുമതി കോഴിക്കാലുകൾ ഗുരുതരമായി ബാധിക്കും.

കിലോക്ക് 20 രൂപയിൽതാഴെ വിലക്ക് വിദേശകോഴിക്കാലുകൾ ഭംഗിയായി പാക്ക് ചെയ്തുകിട്ടുന്ന അവസ്ഥ വന്നാൽ നാടൻ കോഴി അതിന്റെ ഇരട്ടിയോളം വിലകൊടുത്തുവാങ്ങാൻ ഇവിടെ ആളുകമ്മിയാകും. ഇറക്കുമതികോഴിയുടെ ഗുണനിലവാരത്തിന്റെ പ്രശ്നമൊന്നും ഇന്ത്യൻ ജനതയെ ബാധിക്കില്ലെന്നാണ് അമേരിക്കൻ കമ്പനികളുടെ വിലയിരുത്തൽ. അമേരിക്കനാണെങ്കിൽ അമേധ്യവും അമൃതാണല്ലോ നമുക്ക്.അങ്ങിനെ പതിനായിരം കോടി രൂപയുടെ മുതൽ മുടക്കുള്ള ഇന്ത്യൻ കോഴിവളർത്തൽ വ്യവസായവും ഏപ്രിൽ 1 മുതൽ ഗുരുതരമായ പ്രതിസന്ധിയിലാവുമെന്നു ചുരുക്കം.